**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2717** **22-01-2021 - ൽ മറുപടിയ്ക്ക്**

**കണ്ടൽ വനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ ദാസൻ | | Shri. K Raju<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | സ്വകാര്യ ഭൂമിയിൽ കണ്ടൽ വെച്ചു പിടിപ്പിക്കുന്നവർക്ക് സംസ്ഥാന സർക്കാർ ഏതെങ്കിലും തരത്തിലുള്ള ധനസഹായം നൽകി വരുന്നുണ്ടോയെന്നറിയിക്കാമോ; | (എ) | സ്വകാര്യ വ്യക്തികൾക്ക് സ്വകാര്യ ഭൂമിയിലെ കണ്ടൽ സംരക്ഷിക്കുന്നതിനായി ഏക്കറിന് 4000 രൂപ നിരക്കിൽ സർക്കാർ ഉത്തരവ് നമ്പർ ജി.ഓ (ആർ.റ്റി) 485/16/വനം തീയതി 24/12/16-ലെ മാനദണ്ഡങ്ങൾ അനുസരിച്ച് ധനസഹായം നൽകി വരുന്നു. |
| (ബി) | ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയെക്കുറിച്ച് വിശദമാക്കാമോ; | (ബി) | ധനസഹായം ലഭിക്കുന്നതിനായി സ്വകാര്യ ഉടമകൾ നിശ്ചിത മാതൃകയിൽ അപേക്ഷ, ഒറിജിനൽ ആധാരം, നികുതി രസീത്, വില്ലേജാഫീസിൽ നിന്നുള്ള ഓണർഷിപ്പ് സർട്ടിഫിക്കറ്റ്, സ്കെച്ച് എന്നിവ സഹിതം അതാത് അസിസ്റ്റൻറ് ഫോറസ്റ്റ് കൺസർവേറ്റർമാർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. ജില്ലാ സോഷ്യൽ ഫോറസ്ട്രി അസിസ്റ്റൻറ് ഫോറസ്റ്റ് കൺസർവേറ്റർ ചെയർമാനായ ജില്ലാതല കമ്മിറ്റിയാണ് അപേക്ഷകൾ പരിശോധിച്ച് അർഹമായ സ്വകാര്യകണ്ടൽക്കാടുകൾക്ക് ധനസഹായം നൽകുന്നതിനായി തെരഞ്ഞെടുക്കുന്നത്. കണ്ടലുകളുടെ വിസ്തൃതിയനുസരിച്ച് അർഹമായവ തെരഞ്ഞെടുത്ത് ഉടമസ്ഥർക്ക് ധനസഹായം നൽകിവരുന്നു. ജില്ലാ പഞ്ചായത്ത് പ്രതിനിധി, ഗവേഷണ സ്ഥാപനം പ്രതിനിധി, എൻ.ജി.ഒ പ്രതിനിധി എന്നിവരടങ്ങുന്നതാണ് കമ്മിറ്റി. ഇപ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന കണ്ടലുകളുടെ ഉടമസ്ഥരുമായി അതാത് ജില്ലാ അസിസ്റ്റൻറ് ഫോറസ്റ്റ് കൺസർവേറ്റർമാർ ഉടമ്പടി തയ്യാറാക്കുകയും പ്രസ്തുത ഉടമ്പടി പ്രകാരം വിതരണം ചെയ്യുന്ന കണ്ടൽ തൈകൾ നടുകയും സംരക്ഷിക്കപ്പെടുകയും ചെയ്യുന്നു. |
| (സി) | പ്രസ്തുത സഹായം ലഭ്യമാകാൻ കോഴിക്കോട് ജില്ലയിലുള്ളവർ അപേക്ഷ | (സി) | കോഴിക്കോട് ജില്ലയിലുള്ളവർ കോഴിക്കോട് സോഷ്യൽ ഫോറസ്ട്രി അസിസ്റ്റൻറ് ഫോറസ്റ്റ് കൺസർവേറ്റർക്കാണ് അപേക്ഷ നൽകേണ്ടത്. ടി |

| | | | |
|---|---|---|---|
| | നൽകേണ്ടതെവിടെയാണ്; അപേക്ഷാ ഫോറം എവിടെ ലഭ്യമാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | | അപേക്ഷ കോഴിക്കോട് സോഷ്യൽ ഫോറസ്ട്രി അസിസ്റ്റൻറ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിൽ ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ